SY-08

Reg. No. : ....................................

Name : ..........................................

# SECOND YEAR HIGHER SECONDARY
# SECOND TERMINAL EXAMINATION, DECEMBER-2023

Part – II

Time : $2\frac{1}{2}$ Hours

## മലയാളം

Cool-off time : 15 Minutes

## (MALAYALAM)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉചിതമായ 2 ഉത്തരം വീതം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം. (4 × 2 = 8)**

1. കലാമണ്ഡലം ഹൈദരലിയുമായി ബന്ധപ്പെട്ട് വരുന്ന രണ്ട് വസ്തുതകൾ തിരഞ്ഞെടുത്തെഴുതുക :
   - സമ്പന്ന കുടുംബത്തിലെ ജനനം
   - ബാപ്പ പകർന്നുനൽകിയ സംഗീതം
   - സി.പി. ആന്റണി ജാമ്യം നിന്നു
   - ആദ്യഗുരു വെങ്കിടകൃഷ്ണ ഭാഗവതർ

2. കേശിനി വിദഗ്ധയായ തോഴിയാണെന്ന് തെളിയിക്കുന്ന രണ്ട് സൂചനകൾ എടുത്തെഴുതുക.
   - ബാഹുകനെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ദമയന്തിയെ അറിയിക്കുന്നു.
   - ബാഹുകൻ ദുഷ്ടനാണെന്ന് പറയുന്നു.
   - ദമയന്തിയുടെ ഇഷ്ടത്തിന് വിപരീതമായി പ്രവർത്തിക്കുന്നു.
   - ബാഹുകനിൽ കള്ളത്തരമില്ലെന്ന് പറയുന്നു.

3. മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വില്ക്കുന്ന തെരുവിലെ വെളിച്ചത്തിന്റെ രണ്ട് സവിശേഷതകൾ എടുത്തെഴുതുക :

- എല്ലാകടകളിലേയും വെളിച്ചത്തിന് ഒരേ സ്വഭാവം.
- ഫോട്ടോ തിരിച്ചറിയാൻ വെളിച്ചം സഹായിച്ചു.
- വെളിച്ചത്തിനു പിന്നിൽ കബളിപ്പിക്കൽ ഉണ്ടായിരുന്നു.
- ദിവാകരന്റെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു.

4. തനതുനാടകത്തിന്റെ രണ്ട് സവിശേഷതകൾ എടുത്തെഴുതുക :

- സ്റ്റേജിൽ മാത്രം അവതരിപ്പിക്കുന്നു.
- സമകാലിക ജീവിതാവസ്ഥകൾ രംഗപാഠമാക്കുന്നു.
- നാടോടിക്കലാരൂപങ്ങളിൽ നിന്നും ഊർജ്ജം സ്വീകരിച്ചു.
- ക്ലാസ്സിക്കൽ പാരമ്പര്യം മാത്രം പിൻതുടരുന്നു.

5. എസ്.കെ. പൊറ്റെക്കാട് ബദരികാശ്രമത്തിന്റെ പ്രത്യേകതകളായി എടുത്തുകാട്ടുന്നവ എന്തെല്ലാം ?

- വേദങ്ങൾ സഞ്ചയിക്കപ്പെട്ട ഇടം
- അലൂമിനിയത്തകിടുകൾ കൊണ്ട് നിർമ്മിച്ചിരിക്കുന്നു.
- ഇവിടെയാണ് മാണ്ഡൂക്യ കാരികയ്ക്ക് ഭാഷ്യം രചിക്കപ്പെട്ടത്.
- രാമായണം രചിക്കപ്പെട്ടതും ഇവിടെയാണ്.

**6 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

6. ഭാരതപ്പുഴയെക്കുറിച്ച് കലാമണ്ഡലം ഹൈദരലി പങ്കുവയ്ക്കുന്ന ഓർമ്മകൾ എന്തെല്ലാം ?

7. ഭർത്താവിനെക്കുറിച്ചുള്ള ശീലാവതിയുടെ പരിഭവങ്ങളിൽ രണ്ടെണ്ണം എഴുതുക.

8. "മാറ്റുക മാറ്റുക ചട്ടങ്ങളെയവ-
മാറ്റും നിങ്ങളെയല്ലെങ്കിൽ." – ഈ വരികളിലൂടെ അയ്യപ്പപ്പണിക്കർ സമൂഹത്തിലെ ഏത് മനോഭാവത്തിന് നേരെയാണ് വിരൽ ചൂണ്ടുന്നത് ?

9. 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്ന പാഠഭാഗത്തിലെ ത്രിവേണീസംഗമത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**10 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 × 4 = 20)**

10. "ഇന്ന് കേരളത്തിലെ എല്ലാ കലാപാരമ്പര്യങ്ങളും എല്ലാ കേരളീയരുടേതുമാണ്." എം.എൻ. കാരശ്ശേരിയുടെ ഈ അഭിപ്രായത്തെ മാപ്പിളപ്പാട്ടിലെ കേരളീയത എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

11. അഗ്നിവർണന്റെ കാലുകൾ എന്ന നാടകത്തിലെ വിദൂഷകൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണക്കുറിപ്പെഴുതുക.

12. 'അയുക്തി ഹാസ്യത്തിന് കാരണമാകാറുണ്ട്.' തേങ്ങ എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പെഴുതുക.

13. യമുനോത്രിയുടെ ഊഷ്മളതയിൽ എന്ന പാഠഭാഗത്തിൽ പരാമർശിക്കുന്ന സൂര്യകുണ്ഡിന്റെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. "സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
ക്രുദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കേണം." –
ദുഷ്യന്തനെക്കുറിച്ച് ശകുന്തള ഇപ്രകാരം പറയാൻ കാരണമെന്ത് ? വിശകലനം ചെയ്യുക ?

15. "ഇപ്പോഴത്തെ മനുഷ്യർ തലച്ചോറിനാണ് മുൻതൂക്കം നൽകുന്നത്. ഹൃദയത്തിനല്ല." – ആൺഗൗളി ഇപ്രകാരം പറയാനുണ്ടായ സാഹചര്യമെന്തെന്ന് വിവരിക്കുക.

**16 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം. (4 × 6 = 24)**

16. സ്ത്രീജീവിതത്തിന്റെ ആകുലതകൾ ആവിഷ്കരിക്കുന്നതിൽ പുലിക്കോട്ടിൽ ഹൈദർ സവിശേഷ ശ്രദ്ധ പുലർത്തിയിരുന്നു. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിച്ച് കുറിപ്പെഴുതുക.

17. കിരാതവൃത്തം എന്ന കവിതയിൽ കാട്ടാളന്റെ തീവ്രമായ ദു:ഖവും പ്രതിഷേധവും കവി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയാണ് ? പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

18. പ്രകൃതിയുടെ മനോഹാരിതയ്ക്കൊപ്പം മനുഷ്യജീവിതത്തിന്റെ ക്ലേശങ്ങളും എസ്.കെ. പൊറ്റെക്കാട് ബദരിയും പരിസരങ്ങളും എന്ന രചനയിൽ ആവിഷ്കരിച്ചിരിക്കുന്നു. – വിശകലനം ചെയ്ത് കുറിപ്പെഴുതുക ?

19. "കുറവല്ലാതെ നമുക്കൊരു വസ്തു
പറവാനില്ല ജനിച്ചേപ്പിന്നെ." – ശീലാവതി ഇപ്രകാരം പറയുവാനുണ്ടായ സാഹചര്യമെന്ത് ?

20. "പ്രതിസന്ധികളെ അതിജീവിക്കാൻ ഇച്ഛാശക്തി വ്യക്തിയ്ക്ക് കരുത്തു നൽകുന്നു." കലാമണ്ഡലം ഹൈദരലിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.

**താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 21 മുതൽ 23 വരെ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

"ഒരു ചുവടിനി നടക്കുവാൻ വയ്യ !
ഒടുവിലെത്തിയ പഴയ സത്രത്തിൽ
അഭയം തേടുന്നു (അവസാനത്തെയോ)
അറിയില്ലൊന്നുമിനി നടുനിവർക്കട്ടെ !
സഹപഥികനായ് ഇതുവരെ വന്ന
പകലുമെന്നെ വിട്ടെവിടെയോ പോയി.
കനം കുറഞ്ഞൊരെൻ മടിശ്ശീലയഴി -
ച്ചിനി യെന്തുണ്ടെന്നു വെറുതേ നോക്കുന്നു.
മുനിഞ്ഞു കത്തുന്ന വിളക്കിൻ വെട്ടത്തിൽ
മുഷിഞ്ഞ നോട്ടുകൾ, ചെറിയ നാണ്യങ്ങൾ
ഇനംതിരിച്ചെണ്ണിയിരിക്കെ, യെൻ വേർപ്പിൻ
മണം പുരണ്ടതാണവയെന്നോർക്കുന്നു
ഇതെന്റെ സമ്പാദ്യ തിരു ശേഷിപ്പ -
തും മടിശ്ശീലയ്ക്കുള്ളിലൊതുക്കി, ഭാണ്ഡവും
മുറുക്കിയെൻ തലയ്ക്കടിയിൽ വച്ചൊരു
മയക്കത്തിൽ വീണു കിനാവു കാൺമൂ ഞാൻ. "

(നിസ്വൻ – ഒ.എൻ.വി. കുറുപ്പ്)

21. കവി അഭയം തേടിയത് എവിടെയാണ് ?

22. സഹപഥികനായി കവിയോടൊപ്പം ഉണ്ടായിരുന്നത് ആരാണ് ?

23. കനംകുറഞ്ഞ മടിശ്ശീലയ്ക്കുള്ളിൽ എന്തായിരുന്നു ?

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

24. അധികാര ജീർണ്ണതയാണ് 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിന്റെ മുഖ്യപ്രമേയം. ഈ പ്രസ്താവന അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക.

25. 'മാജിക്കൽ റിയലിസം' എന്ന രചനാസങ്കേതം 'പ്രകാശം ജലംപോലെയാണ് ' എന്ന കഥയുടെ പ്രമേയാവിഷ്കാരത്തിന് പ്രയോജനപ്പെടുത്തിയതെങ്ങനെ ? കഥ അപഗ്രഥിച്ച് ഉപന്യാസം തയ്യാറാക്കുക.

26. 'ഗൗളിജന്മം' എന്ന കഥ തുറന്നുകാട്ടുന്ന സ്ത്രീയവസ്ഥ എന്താണ് ? കഥ അപഗ്രഥിച്ച് ഉപന്യാസം എഴുതുക.

---